**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3411** **11-03-2025 - ൽ മറുപടിയ്ക്ക്**

**തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്യുന്നതിലെ കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്ത് നൽകുന്നതിന് ആധാരത്തിൽ എല്ലായിടത്തും സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം എന്ന് ഉൾപ്പെടുത്തണമെന്ന് നിബന്ധനയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തരം മാറ്റിയ ഭൂമി പോക്കു വരവ് ചെയ്തു നൽകുന്നതിന് ആധാരത്തിൽ എല്ലായിടത്തും സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം എന്ന് ഉൾപ്പെടുത്തുന്നതിന്, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട-സംരക്ഷണ നിയമത്തിൽ നിബന്ധനയില്ലാത്തതാണ്. |
| (ബി) | തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനത്തിലൂടെ നടപടി സ്വീകരിക്കാമെന്നിരിക്കെ ഭൂവുടമയോ ചുമതലപ്പെടുത്തുന്ന വ്യക്തിയോ നേരിട്ട് എത്തുന്നതുവരെ പല വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നടപടികൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അത്തരത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. നിലവിൽ RELIS പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>എന്നിരുന്നാലും അത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവ ഗൗരവത്തോടെ കാണുന്നതും, ആവശ്യമായ അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതുമാണ്. |
| (സി) | ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇപ്രകാരം പോക്ക് വരവ് പൂർത്തിയാക്കാനായി നിരവധി ആധാരങ്ങൾ കെട്ടിക്കിടക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | അപേക്ഷകളുടെ ബാഹുല്യവും, മറ്റ് അടിയന്തര ജോലികൾ കാരണവും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പോക്കുവരവ് പൂർത്തീകരിക്കുന്നതിന് കുറച്ച് കാലതാമസം നേരിട്ടു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എങ്കിലും, സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുള്ളതും കൂടാതെ ടി നിർദ്ദേശം പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി വകുപ്പ്/മന്ത്രി തലങ്ങളിൽ റിവ്യൂ ചെയ്തു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ